**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2174** **03-03-2025 - ൽ മറുപടിയ്ക്ക്**

**കാസർകോട് ഗവ: മെഡിക്കൽ കോളേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കാസർകോട് ഗവ. മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. പ്രവേശന നടപടികൾ ആരംഭിക്കുന്നതിന് മുന്നോടിയായി ദേശീയ മെഡിക്കൽ കമ്മീഷൻ (എൻ.എം.സി.) സംഘത്തിന്റെ പരിശോധന എപ്പോൾ ഉണ്ടാകുമെന്ന് വ്യക്തമാക്കാമോ; | (എ) | കാസർകോട് ഗവ. മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്. കോഴ്സ് ആരംഭിക്കുന്നതിന് അംഗീകാരത്തിനായി ദേശീയ മെഡിക്കൽ കമ്മീഷൻ (NMC) മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. NMC സംഘത്തിന്റെ പരിശോധന സംബന്ധിച്ച അറിയിപ്പ് ലഭിച്ചിട്ടില്ല.<br><br>പരിശോധനയ്ക്ക് മുൻപ് ഉക്കിനടുക്കയിലെ അക്കാദമിക്ക് ബ്ലോക്കിൽ 8 പ്രീ ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകൾ, അതിനായുള്ള ലാബ്, ക്ലാസ് മുറി തുടങ്ങിയ സൗകര്യങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ഇതിനായി നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പരിശോധനയ്ക്ക് മുൻപ് ഉക്കിനടുക്കയിലെ അക്കാദമിക്ക് ബ്ലോക്കിൽ എന്തെല്ലാം സജ്ജീകരണങ്ങൾ ഒരുക്കേണ്ടതുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ നടപടികൾ തുടങ്ങിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | മറുപടി (എ) പിരിവിൽ നൽകിയിട്ടുണ്ട്. |
| (സി) | കൗൺസിൽ അംഗീകാരം കിട്ടിയതിന് ശേഷം അടുത്ത അധ്യയന വർഷം പ്രവേശന നടപടികൾ ആരംഭിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ; | (സി) | ദേശീയ മെഡിക്കൽ കമ്മീഷൻ (NMC) അംഗീകാരം കിട്ടിയാൽ അടുത്ത അധ്യയന വർഷം പ്രവേശന നടപടികൾ ആരംഭിക്കാൻ കഴിയുന്നതാണ്. |
| (ഡി) | കാസർഗോഡ് ജനറൽ ആശുപത്രിയെ മെഡിക്കൽ കോളേജ് ആശുപത്രിയായി മാറ്റി ഉക്കിനടുക്കയിലെ അക്കാദമിക് ബ്ലോക്കിൽ ക്ലാസുകൾ തുടങ്ങാൻ ആലോചനയുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത്തരത്തിൽ ഇതിനെ സജ്ജമാക്കാൻ എന്തെല്ലാം സൗകര്യങ്ങളാണ് വേണ്ടതെന്നും ഇതിനാവശ്യമായ ചെലവ് എത്രയാണെന്നും വ്യക്തമാക്കാമോ; ഈ തുക സർക്കാർ അനുവദിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എപ്പോൾ അനുവദിക്കുമെന്നും വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ 9 ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകൾ ജനറൽ മെഡിസിൻ, പീഡിയാട്രിക്സ്, സൈക്യാട്രി, ഡർമറ്റോളജി, ജനറൽ സർജറി, ഓർത്തോപീഡിക്സ്, ഓഫ്ത്താൽമോളജി, ഇഎൻടി, ഒബിഎസ് & ജിവൈഎൻ രോഗികൾക്കായി 223 ബെഡും മറ്റു സൗകര്യങ്ങളും ഉണ്ട്. 50 കുട്ടികളുടെ പ്രവേശനത്തിനായി അത്രയും സൗകര്യം മതിയാകും. ഉക്കിനടുക്കയിലെ ആശുപത്രി കെട്ടിട നിർമ്മാണം പുരോഗമിക്കുന്നതിനാൽ കാസർഗോഡ് ജനറൽ ആശുപത്രിയെ ടീച്ചിംങ് ആശുപത്രിയാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | ഉക്കിനടുക്കയിലെ അക്കാദമിക്ക് ബ്ലോക്കിൽ 8 പ്രീ ക്ലിനിക്കൽ ഡിപ്പാർട്ടുമെന്റുകൾ, അതിനായുള്ള ലാബ്, ക്ലാസ് മുറി തുടങ്ങിയ സൗകര്യങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആയതിലേക്കായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ 13 കോടിയുടെ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് KIIFB ഫണ്ട് ലഭ്യമാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, പെൺകുട്ടികളുടെ ഹോസ്റ്റൽ സൗകര്യവും അധ്യാപകർക്കുള്ള താമസ സൗകര്യവും 80 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ